# 1957-ലെ വിദ്യാഭ്യാസബില്ല്: ചരിത്രപശ്ചാത്തലത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം




**ഡോ: പി കെ മൈക്കിൾ തരകൻ**

*ശ്രീ രാമകൃഷ്ണ ഹെഗ്ഡേ ചെയർ പ്രൊഫസർ, ഐ എസ് ഇ സി ബാംഗ്ലൂർ*


**അവതരണം**

1957ലെ വിദ്യാഭ്യാസ ബില്ലിനേക്കാൾ തീക്ഷ്ണമായി ചർച്ച ചെയ്യപ്പെട്ടിട്ടുള്ള കേരളത്തിലെ മറ്റൊരു നിയമനിർമാണമേയുള്ളു എന്നു തോന്നുന്നു; ഇഎംഎസ് നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിൽ അധികാരത്തിൽ വന്ന ആദ്യത്തെ കമ്യൂണിസ്റ്റ് ഗവൺമെന്റ് തന്നെ അവതരിപ്പിച്ച, കാർഷികബന്ധബിൽ. ഈ രണ്ടുനിയമനിർമാണങ്ങളും ഒന്നിച്ചു വന്നപ്പോൾ ഉണ്ടായ എതിർപ്പും ആ എതിർപ്പ് സ്വീകരിച്ച പ്രതിഷേധമാർഗങ്ങളും അവയുടെ അനന്തരഫലങ്ങളും കേരള ചരിത്രത്തിൻെറ തന്നെ അവിഭാജ്യഘടകങ്ങളായി മാറി. നമ്മുടെ ചർച്ചാ വിഷയം വിദ്യാഭ്യാസബില്ല് ആണെങ്കിലും മേൽ സൂചിപ്പിച്ച രണ്ട് നിയമനിർമാണ നടപടികളും തീക്ഷ്ണമായ പ്രതികരണങ്ങളാണ് ചില കേന്ദ്രങ്ങളിൽനിന്നും ക്ഷണിച്ചുവരുത്തിയത്. ഇതിലേതെങ്കിലും ഒന്നുമാത്രമായി അവതരിപ്പിച്ചിരുന്നുവെങ്കിൽ ഇത്രയും വിപുലമായ പ്രതിഷേധങ്ങൾ ഉണ്ടാകില്ലായിരുന്നുവെന്ന് കരുതുന്നവർ ഇവയെ അനുകൂലിച്ചിരുന്നവരുടെയിടയിൽ പോലും ഉണ്ടായിരുന്നു എന്നു തോന്നുന്നു. ഈ സംശയത്തിൻെറ അടിസ്ഥാനത്തിൽ, കേരള വിദ്യാഭ്യാസബിൽ 1957നെ കുറിച്ചുള്ള ഈ ചർച്ച, ഈ രണ്ടുനിയമനിർമാണങ്ങൾക്കും എതിരായി ഉണ്ടായ പ്രതിഷേധങ്ങൾക്കും അവ ഒരു 'വിമോചന' സമരത്തിൽ കലാശിച്ചതിനും സാമൂഹ്യശാസ്ത്രപരമോ ചരിത്രപരമോ ആയ എന്തെങ്കിലും കാരണങ്ങൾ ഉണ്ടായിരുന്നോ എന്നു പരിശോധിക്കുവാൻ ഉദ്ദേശിക്കുകയാണ്.

എതിർപ്പിൻെറ തീക്ഷ്ണത മാത്രമല്ല ഇത്തരമൊരു അന്വേഷണത്തി

ന് ആധാരം. വിദ്യാഭ്യാസബില്ലിനെ അനുകൂലിക്കുകയോ അല്ലെങ്കിൽ കാര്യമായി എതിർക്കാതിരിക്കുകയോ ചെയ്ത ചില സാമുദായിക സംഘടനകൾ പിന്നീട് 'വിമോചന' സമരത്തിൻെറ നേതൃത്വം ഏറ്റെടുക്കുവാൻ തയ്യാറായത് കാർഷികബന്ധബിൽ അവരുടെ സാമ്പത്തിക -സാമൂഹ്യ താൽപര്യങ്ങൾക്ക് എതിരായി കണ്ടതുകൊണ്ടാണ് എന്ന് വാദിക്കുന്നവരുണ്ട്. വിദ്യാഭ്യാസരംഗത്തെ അവരുടെ താൽപര്യങ്ങൾ ഹനിക്കപ്പെടുമെന്ന് ഭയന്ന ക്രൈസ്തവ സാമുദായിക ശക്തികൾ വിദ്യാഭ്യാസബില്ലിനെതിരായി സ്വാഭാവികമായും എതിർപ്പു പ്രകടിപ്പിച്ചിരുന്നു. അവരുടെ എതിർപ്പിനോടുകൂടി ശ്രീ. മന്നത്തുപത്മനാഭൻെറ നേതൃത്വത്തിലുണ്ടായിരുന്ന നായർ സർവീസ് സൊസൈറ്റിയുടെയും (എൻ എസ് എസ്) കൂടെ പ്രതിഷേധവും ഒത്തുചേർന്നപ്പോഴാണ് പ്രതിഷേധം തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ അധികാരത്തിൽനിന്നും നീക്കം ചെയ്യണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് അന്നത്തെ പ്രതിപക്ഷപാർട്ടികളുടെ സഹായത്തോടുകൂടി, ഒരു പാർലമെൻേറതര സമരമായി രൂപം പ്രാപിച്ചത്.

മേൽ സൂചിപ്പിച്ച വാദഗതികൾക്കനുകൂലമായ ചില ഘടകങ്ങൾ പലതും അന്നത്തെ കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലങ്ങളിൽനിന്നും വായിച്ചെടുക്കുവാൻ സാധിക്കും എന്നതിന് തർക്കമില്ല. എന്നാൽ, ചില സാമുദായികശക്തികളുടെ താൽപര്യ സംരക്ഷണത്തിനുള്ള വ്യഗ്രതയും അതിനുവേണ്ടി അവർ സൃഷ്ടിച്ച കോലാഹലങ്ങളും മാത്രമാണോ, തികഞ്ഞ ജനാധിപത്യവാദിയെന്ന് കരുതപ്പെട്ടിരുന്ന ജവാഹർലാൽ നെഹ്റുവിൻെറ കേന്ദ്ര ഗവൺമെന്റിനെകൊണ്ട്, സംസ്ഥാന നിയമസഭയിൽ ഭൂരിപക്ഷംഉണ്ടായിരുന്ന ഗവൺമെന്റിനെ ഡിസ്മിസ് ചെയ്യിക്കുവാൻ തക്ക സ്വാധീനം ചെലുത്താൻ വിധമുള്ള ഒരു സമരമായി രൂപാന്തരപ്പെട്ടത്? അതോ, വിദ്യാഭ്യാസബില്ലിൻെറയും കാർഷകിബന്ധബില്ലിൻെറയും ഉദ്ദേശ്യലക്ഷ്യങ്ങൾ തമ്മിൽ ഘടനാപരമായ ബന്ധങ്ങളുണ്ടായിരുന്നതുകൊണ്ട് അവ നടപ്പിലായാൽ, അന്നുവരെ കേരളത്തിൽ നിലനിന്നിരുന്ന സാമൂഹ്യ- സാമ്പത്തിക സംവിധാനങ്ങൾ തകർന്നുപോകുകയും, തൽസ്ഥാനത്ത് പുത്തൻ സ്വതന്ത്രശക്തികൾ ഉദയംചെയ്യും എന്നതുകൊണ്ടാണോ അന്നത്തെ ഗവൺമെന്റിനെതിരായ പ്രതിഷേധം ഇത്ര തീഷ്ണമായത്?

### വിദ്യാഭ്യാസബില്ലിൻെറ ചരിത്ര പശ്ചാത്തലം

1957ലെ വിദ്യാഭ്യാസബില്ലിൻെറ ഏറ്റവും അടുത്ത ചരിത്രപശ്ചാത്തലം, 1945ലെ തിരുവിതാംകൂറിലെ എഡ്യൂക്കേഷൻ റിഓർഗനൈസേഷൻ കമ്മിറ്റിയുടെ (TERC) റിപ്പോർട്ടാണ്-പ്രസ്തുത റിപ്പോർട്ട്, പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കുവാനും, പത്തുവർഷത്തിനുള്ളിൽ, പ്രാഥമിക വിദ്യാഭ്യാസം സർക്കാരിൻെറ നേരിട്ടുള്ള നി

യന്ത്രണത്തിൽ കൊണ്ടുവരുവാനും നിർദേശിച്ചു.[1] സ്വാഭാവികമായും ഈ നിർദേശങ്ങൾക്കെതിരായി, സർക്കാർ ധനസഹായത്തോടെ നടത്തിയിരുന്ന സ്കൂളുകളിൽ ഭൂരിഭാഗവും നിയന്ത്രിച്ചിരുന്ന, കത്തോലിക്കാ ക്രൈസ്തവ വിഭാഗം ശക്തിയായി പ്രതികരിച്ചു. തിരുവിതാംകൂർ സിവിൽ റൈറ്റ്സ് ലീഗിലും, നിവർത്തന പ്രസ്ഥാനത്തിലും സ്റ്റേറ്റ് കോൺഗ്രസിലും പ്രവർത്തന നിരതരായിരുന്ന ക്രൈസ്തവ വിഭാഗങ്ങൾക്ക്, ദിവാനായിരുന്ന സി പി രാമസ്വാമി അയ്യരുടെ പല നടപടികളും, അവരെ സാമൂഹ്യമായും സാമ്പത്തികമായും, രാഷ്ട്രീയമായും ഒതുക്കുവാനുള്ള ശ്രമങ്ങളാണോ എന്ന വ്യാപകമായ സംശയവും ഉണ്ടാക്കി. തിരുവിതാംകൂർ സർക്കാരിൻെറ വിദ്യാഭ്യാസ ദേശസാൽക്കരണ നടപടികളെ എതിർത്തുകൊണ്ടും, കത്തോലിക്കാ സ്കൂളുകളിൽ 'കത്തോലിക്കാ അന്തരീക്ഷം' നിലനിർത്തേണ്ടതിൻെറ ആവശ്യകതയെ സമർഥിച്ചുകൊണ്ടും 'സിപിക്ക് ഒരു തുറന്നകത്ത്' തയ്യാറാക്കിയത്, 'വിമോചന' സമരകാലത്ത്, പ്രതിപക്ഷ നേതാവായിരുന്ന പി റ്റി ചാക്കോ ആയിരുന്നു എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. കത്തോലിക്കർക്ക് അവരുടെ സ്കൂളുകളിൽ 'കത്തോലിക്കാ അന്തരീക്ഷം' നിലനിർത്തണമെങ്കിൽ അത്, സർക്കാരിൻെറ ധനസഹായം ഉപയോഗിച്ചുകൊണ്ടായിരിക്കരുത് എന്ന വാദം അന്നുതന്നെ ഉയർന്നുവന്നു. എന്നാൽ, പിന്നീട് ഇന്ത്യൻ ഭരണഘടനയിൽ തന്നെ ഉൾപ്പെട്ടു എന്ന് അവകാശപ്പെടുന്ന, ജനസംഖ്യയിൽ കുറഞ്ഞ 'ന്യൂനപക്ഷ സമുദായങ്ങൾക്ക്' നൽകപ്പെടുന്ന സർക്കാർ ധനസഹായം, അവർക്ക് അവരുടെ സംസ്കാരവും, ഭാഷയും വിദ്യാഭ്യാസ രീതികളും സംരക്ഷിച്ചുപോരുവാനായി പൊതു ധനസ്രോതസുകൾ നൽകുന്നതും, നൽകേണ്ടതുമാണ് എന്ന വാദവും പൊന്തിവന്നു.

പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നും, ആ രംഗത്ത് സർക്കാരിന്റെ അധികനിയന്ത്രണം അനിവാര്യമാണെന്നും ഉള്ള നിർദേശങ്ങൾ മുന്നോട്ടുവന്നത് ഒരു പ്രത്യേക സാഹചര്യത്തിലാണ്. അന്നത്തെ വിഭക്ത കേരളത്തിൻെറ മൂന്നു ഭാഗങ്ങളിലും മറ്റ് ഇന്ത്യൻ പ്രദേശങ്ങളെക്കാൾ ഉയർന്നതോതിൽ വിദ്യാഭ്യാസകാര്യങ്ങൾക്കായി പൊതുധനം വിനിയോഗിക്കപ്പെട്ടിരുന്നു. അതുകൊണ്ട്, സാക്ഷരതയുടെ കാര്യത്തിലും അടിസ്ഥാന വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും, കേരളം പൊതുവിലും, അതിൽ തന്നെ നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂറും കൊച്ചിയും മുൻപന്തിയിലുമായിരുന്നു. ഈ നേട്ടത്തിൽ, ബഹുഭൂരിപക്ഷം വന്നിരുന്ന വിദ്യാലയങ്ങൾ നടത്തിയിരുന്ന സാമുദായിക സംഘടനകളും, വ്യക്തിഗതമാനേജ്മെന്റുകളും അവരുടേതായ പങ്കുവഹിച്ചിരുന്നു. എന്നാൽ ഇവർക്ക് ധനസഹായം നൽകുവാനും, പൊതുവിദ്യാഭ്യാസത്തിൻെറ നിലനിൽപ്പിനും വളർച്ചയ്ക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ- ടെക്സ്റ്റു ബുക്കുകളുടെ അച്ചടി, വിതരണം, അധ്യാപകപരിശീലനം എന്നിവയുൾപ്പെടെ - ഏർപ്പെടുത്തുന്നതിനും വേണ്ടിയാണ് വിദ്യാഭ്യാസരംഗത്തെ പൊതുധനത്തിൽ ഏറിയ പങ്കും ചെ

ലവഴിക്കപ്പെട്ടിരുന്നത്. എന്നാൽ സർക്കാർ ധനസഹായം ലഭിച്ചിരുന്ന സ്കൂളുകളിൽ ചിലതൊഴിച്ചാൽ, മറ്റുള്ളവയൊക്കെ പ്രാഥമിക വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം ഉയർത്തുന്നതിൽ പരാജയപ്പെട്ടിരുന്നു എന്ന ആക്ഷേപം വളരെക്കാലമായി ഉയർന്നുവന്നിരുന്നു.

ഗുണനിലവാരത്തിൻെറ കാര്യത്തിൽ സർക്കാർ സ്കൂളുകളിൽ ഒരു വിഭാഗവും ആക്ഷേപാർഹരായിരുന്നു. എന്നാൽ താരതമ്യേന, സർക്കാർ സ്കൂളുകൾ ഇക്കാര്യത്തിൽ മറ്റു സ്കൂളുകളെ അപേക്ഷിച്ച് പൊതുവെ മുന്നിട്ടുനിന്നിരുന്നതായി പരിഗണിക്കപ്പെട്ടിരുന്നു. ധനസഹായം ലഭിച്ചിരുന്ന സ്കൂളുകൾ ഇക്കാര്യത്തിൽ പിന്നോക്കം നിന്നിരുന്നുവെങ്കിൽ അതിനു പ്രധാനകാരണമായി കണ്ടത് അത്തരം സ്കൂളുകളിലെ അധ്യാപകനിയമനത്തിലെ സ്വജനപക്ഷപാതിത്വവും, അത്തരം സ്കൂളുകളിലെ അധ്യാപകരോട്, മാനേജ്മെൻ്റുകൾ തുടർന്നുപോന്നിരുന്ന ദ്രോഹ നടപടികളുമാണ്. കുറഞ്ഞ ശമ്പളം നൽകി ഉയർന്ന നിരക്കിന് ബില്ലെഴുതി വാങ്ങുക; വീട്ടുപണി ചെയ്യിക്കുക, ജോലിസ്ഥിരത നിഷേധിക്കുക എന്നിങ്ങനെ വിവിധ തരത്തിലുള്ള ദ്രോഹനടപടികളാണ് അധ്യാപകർക്കെതിരെ മാനേജ്മെൻറുകൾ തുടർന്നുപോന്നിരുന്നത്. ഇതിനിടയ്ക്ക് വിദ്യാഭ്യാസസംബന്ധമായയോ, അതിൻെറ ഗുണനിലവാരം ഉയർത്തുന്ന രീതിയിലുള്ളതോ ആയ ആശയങ്ങൾ മാനേജ്മെൻറുകൾക്കോ, അവരുടെ ദ്രോഹങ്ങൾ അനുഭവിക്കേണ്ടിവന്നിരുന്ന അധ്യാപകർക്കോ ഉദിക്കാതിരുന്നതിൽ അദ്ഭുതപ്പെടാനില്ല. 1932ലെ തിരുവിതാംകൂറിലെ, എഡുക്കേഷൻ റിഫോംസ് കമ്മിറ്റി തന്നെ ഈ വിഷയത്തെക്കുറിച്ച് ഗൗരവതരമായി ആലോചിക്കുകയും ചില പരിഹാരമാർഗങ്ങൾ നിർദേശിക്കുകയും ചെയ്തതാണ്.

സർക്കാരിൻെറ നിയന്ത്രണവും മേൽനോട്ടവും സ്കൂളുകളുടെ നടത്തിപ്പ് നന്നാക്കുമെന്നും, വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരം മെച്ചപ്പെടുത്തുമെന്നുമുള്ളവിശ്വാസത്തിൻെറ അടിസ്ഥാനത്തിലാണ്, 1945 ലെ TERC റിപ്പോർട്ടിലുണ്ടായിരുന്നതുപോലെയുള്ള നിർദേശങ്ങൾ മുന്നോട്ടുവന്നത്. അക്കാലത്ത് മലബാറിലെ, ഡിസ്ട്രിക്സ് ബോർഡിൽ പി റ്റി ഭാസ്കരപണിക്കരുടെ നേതൃത്വത്തിലുള്ള ഇടതുപക്ഷക്കാർ നടപ്പിലാക്കിയ പരിഷ്കാരങ്ങളും പിൽക്കാലത്ത് മദ്രാസിലെ രാജാജി സർക്കാർ നിയമമാക്കിയ നിർദേശങ്ങളും ഇത്തരം വാദഗതിക്ക് അനുകൂലമായി തീർന്നു. അതേസമയം, ഏതൊരുവിധ സർക്കാർ ഇടപെടലുകളും ക്രൈസ്തവ അല്ലെങ്കിൽ കത്തോലിക്കാ 'ന്യൂനപക്ഷങ്ങൾക്ക്' അവകാശപ്പെട്ടതായി അവർ കരുതിയിരുന്ന 'വിദ്യാലയാന്തരീക്ഷം' നിലനിർത്തുവാൻ പ്രതിബന്ധമാകും എന്ന വിശ്വാസം മറുവശത്തും ശക്തിപ്പെട്ടു. ഇതിൽ രണ്ടാമതു പറഞ്ഞ വാദഗതിയെ ശക്തിപ്പെടുത്തുന്ന മറ്റ് രണ്ട് പ്രതിഭാസങ്ങളും കൂടി അക്കാലത്തു തന്നെ വ്യക്തമായിരുന്നു. അതിലൊന്ന് വർധിച്ചുവന്നിരുന്ന അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയിൽ നിന്നും വികസിച്ചുവന്ന പ്രശ്നങ്ങൾ ആയിരുന്നെങ്കിൽ, മറ്റൊന്ന് കത്തോലിക്കാസഭ അഖി

ല ലോകാടിസ്ഥാനത്തിൽ തന്നെ കമ്യൂണിസ്റ്റുവിരുദ്ധപ്രത്യയശാസ്ത്രയുദ്ധത്തിനു തയ്യാറായതും അതിന് വിദ്യാഭ്യാസത്തെ കരുവാക്കിയതിൽ നിന്നും ഉദ്ഭവിച്ച സ്വാധീനങ്ങളാണ്.

പൊതുവെ, കാർഷിക സമ്പദ്‌വ്യവസ്ഥയിലധിഷ്ഠിതമായിരുന്ന കേരള സമൂഹത്തിൽ, ആധുനിക വിദ്യാഭ്യാസം, നിലവിലിരുന്ന സാമൂഹ്യശ്രേണിബന്ധങ്ങളെ മറികടന്ന് താരതമ്യേന ഉയർന്ന സാമൂഹ്യ അന്തസ് നേടുവാനുള്ള ഒരു മാർഗമായാണ് പലരും കണ്ടിരുന്നത്.[2] ഉയർന്ന സാമൂഹ്യ അന്തസ് നേടണമെങ്കിൽ സംഘടിതസംവിധാനങ്ങളിൽ അതിൽതന്നെ സർക്കാരിൽ- ജോലി ലഭിക്കണമായിരുന്നു. 1940തുകളിലെ കേരള സമൂഹത്തിൽ പലർക്കും ലഭ്യവും പ്രാപ്യവുമായിരുന്ന അത്തരമൊരു ജോലി പ്രാഥമിക തലത്തിലെ അധ്യാപകരായിട്ടായിരുന്നു. അതുകൊണ്ടുതന്നെ ഈ രംഗത്ത് ജോലി നൽകുവാനും ഇല്ലാതാക്കുവാനും ഉള്ള കഴിവുള്ള സ്കൂൾ മാനേജരന്മാർ സമൂഹത്തിൽ വലിയ സ്വാധീനവും ശക്തിയും സ്വാഭാവികമായി നേടിയെടുത്തു. മാനേജരന്മാരെ പിണക്കുവാൻ പറ്റാത്ത സ്ഥിതിയിലായിരുന്നു അധ്യാപക ജോലി പ്രതീക്ഷിച്ചിരുന്ന പല അഭ്യസ്തവിദ്യരും. ഇത്തരം വലിയ സ്വാധീനശക്തിയാണ് സർക്കാർ ഇടപെടൽ മൂലം ചോദ്യം ചെയ്യപ്പെട്ടത്. ഇതിനുദാഹരണമായി പറയാവുന്നത് 1950ൽ അന്നത്തെ തിരുവിതാംകൂർ - കൊച്ചി ഗവൺമെന്റിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന പനമ്പിള്ളി ഗോവിന്ദമേനോൻ നടപ്പിലാക്കിയ പ്രൈവറ്റ് സെക്കൻററി സ്കൂൾ സ്കീമിനു (PSS) വന്നുഭവിച്ച ദുർഘടസ്ഥിതിയാണ്. ഈ സ്കീം അനുസരിച്ച്, അധ്യാപകരുടെയും മാനേജർമാരുടെയും, സർക്കാരിൻെറയും പ്രതിനിധികളടങ്ങിയ ട്രൈപാർട്ടിയേറ്റ് കമ്മറ്റികൾ, സ്വകാര്യ സ്കൂളുകളിലെ ജോലി വ്യവസ്ഥകൾ പരിശോധിക്കുകയും, അധ്യാപകരുടെ നിയമനം, വേതനം, തൊഴിൽ വ്യവസ്ഥകൾ, എന്നിവ സംബന്ധിച്ച് വേണ്ട നിർദേശങ്ങൾ കൊടുക്കുവാനും വ്യവസ്ഥ ചെയ്തിരുന്നു. യോഗ്യരായ ആളുകളെ മാത്രം അധ്യാപകരായി നിയമിക്കുവാൻ സർക്കാർ സ്വാധീനം ഉപയോഗിക്കണമെന്നും അവരിൽ ഗണ്യമായൊരു വിഭാഗം അധഃസ്ഥിത സമുദായങ്ങളിൽപെട്ടവരായിരിക്കണം എന്നും വ്യവസ്ഥ ചെയ്തിരുന്നു. ആദ്യം ഇവ അംഗീകരിച്ചെങ്കിലും പിൽക്കാലത്ത് കത്തോലിക്കാ മാനേജ്മെൻറുകൾ ഈ വ്യവസ്ഥകളെ എതിർക്കുകയാണ് ചെയ്തത്. എൺപതു ശതമാനം ഫീസും സർക്കാരിൽ അടക്കണം എന്നു തുടങ്ങിയ നിർദേശങ്ങൾ അവരുടെ അടിസ്ഥാന അവകാശങ്ങളെ ഹനിക്കുന്നതായാണ് അവർ കണ്ടത്.[3] അവരുടെ എതിർപ്പുകാരണം, അന്നത്തെ ഗവൺമെന്റിനോ പിന്നീടുവന്ന ഗവൺമെന്റുകൾക്കോ ഇവ നടപ്പിലാക്കുവാനായില്ല.

പത്തൊമ്പതാം നൂറ്റാണ്ടിൻെറ അവസാനത്തിൽ അഖില ലോക കത്തോലിക്കാസഭയുടെ തലവനായിരുന്ന ലിയോ പതിമൂന്നാമൻ മാർപ്പാപ്പ ‘നേരും നോവാരും’ എന്ന ചാക്രിയ ലേഖനത്തിലൂടെ ശാസ്ത്രീ

യ സോഷ്യലിസത്തിൻെറ സ്വാധീനത്തിൽപെട്ടുപോകുന്ന തൊഴിലാളി സമൂഹത്തെ തിരിച്ചുപിടിക്കുവാനായി ഒരു പ്രത്യയശാസ്ത്ര പ്രത്യാക്രമണത്തിനു തുടക്കംകുറിച്ചു. ഇരുപതാംനൂറ്റാണ്ടിൻെറ ആദ്യ ദശകങ്ങളിൽ പ്രത്യേകിച്ചും, ഈ പ്രത്യയശാസ്ത്ര 'യുദ്ധം' വിവിധ മാനങ്ങളിലൂടെ ശക്തമായിക്കൊണ്ടിരുന്നു. കത്തോലിക്കാസഭയുടെ പ്രത്യാക്രമണത്തിൽ സ്വീകരിച്ച ഏറ്റവും പ്രധാനപ്പെട്ട രണ്ടുമാർഗങ്ങൾ, ഒന്ന്, കുടുംബപ്രാർഥനയും മറ്റൊന്ന് കുട്ടികളുടെ വിദ്യാഭ്യാസവും– വേദോപദേശം ഉൾപ്പെടെ – ആയിരുന്നു. ഈ രണ്ടുരംഗങ്ങളിലും കത്തോലിക്കരുടെ നിയന്ത്രണം കഴിയുന്നത്ര ശക്തമായി നിലനിർത്തുകയും, സോഷ്യലിസത്തിൻെറ ലാഞ്ചനകൾ കാണുന്നയിടങ്ങളിലെല്ലാം കടന്ന് എതിർക്കുകയുംചെയ്യുക എന്നതായിരുന്നു സഭ സ്വീകരിച്ച മാർഗം. അങ്ങനെയാണ് പൊതുവെ കമ്യൂണിസ്റ്റുവിരുദ്ധനായി കരുതപ്പെട്ടിരുന്ന സി പി രാമസ്വാമി അയ്യരുടെ നേതൃത്വത്തിൽ നടപ്പിലാക്കാൻ ശ്രമിച്ച 1945ലെ TERCയുടെ നിർദേശങ്ങളിൽപോലും സഭ 'സോഷ്യലിസ'ത്തിൻെറ സ്വാധീനം ദർശിച്ചത്.

## കമ്യൂണിസ്റ്റു ഗവൺമെന്റിൻെറ വിദ്യാഭ്യാസനയം

കേരളത്തിൽ ശക്തിപ്രാപിച്ച പ്രത്യയശാസ്ത്ര ഭിന്നതയുടെയും നയപരമായ വൈരുദ്ധ്യത്തിൻെറയും ഇടയിൽ അധ്യാപകരെന്ന വിഭാഗത്തിൻെറ കാര്യം അതിദയനീയമായി തുടർന്നുപോന്നു. അതേവിഭാഗത്തിൽ നിന്നുതന്നെയാണ് ജോസഫ് മുണ്ടശ്ശേരിയെന്ന പ്രഗൽഭ അധ്യാപകനും, പ്രശസ്ത സാഹിത്യനിരൂപകനും, വിദ്യാഭ്യാസ ചിന്തകനും, വിദ്യാഭ്യാസമന്ത്രിയായി ആദ്യ കമ്യൂണിസ്റ്റ് മന്ത്രിസഭയിൽ അംഗമായത്. അദ്ദേഹമാണ് പിൽക്കാലത്ത് വലിയതർക്കങ്ങൾക്കു വഴിതെളിച്ച കേരള വിദ്യാഭ്യാസബിൽ 1957 ജൂലൈ 13–ാം തീയതിയിൽ അസംബ്ലിയിൽ അവതരിപ്പിച്ചത്. സെലക്ട് കമ്മിറ്റിയിൽപോയി, രണ്ടാംവായനയും കഴിഞ്ഞ് 1957 നവംബർ 28ന് ബിൽ പാസായി. പക്ഷേ പ്രസിഡണ്ടിൻെറ അംഗീകാരം ലഭിക്കുന്നതിനുമുമ്പ് ബിൽ സുപ്രീംകോടതിക്ക് റഫർ ചെയ്യപ്പെട്ടു. 1958 ജൂണിൽ കോടതി ബില്ലിൻെറ പ്രധാന വകുപ്പുകൾ അംഗീകരിച്ചു. കോടതിയുടെ പരാമർശങ്ങളെയും നിരീക്ഷണങ്ങളെയും കണക്കിലെടുത്ത് മാറ്റംവരുത്തിയ മറ്റൊരു കേരള എഡ്യൂക്കേഷൻ ആക്ട് 1958 നവംബറിൽ അവതരിപ്പിച്ച് പാസാക്കിയെടുത്തു.

ബിൽ പാസാക്കുന്നതിൻെറ വിവിധഘട്ടങ്ങളിൽ അസംബ്ലിക്കുള്ളിലും അസംബ്ലിക്കുപുറത്തും ശക്തവും നിശിതവും ആയ വിമർശനങ്ങൾ ഉയർന്നു. എന്നാൽ, ജോസഫ് മുണ്ടശ്ശേരി അവതരിപ്പിച്ച ബില്ല് അതിനുമുമ്പ് പി എസ് പി ഗവൺമെന്റും പനമ്പിള്ളിയുടെ ഗവൺമെന്റും അതിനുമുമ്പ് സി പി രാമസ്വാമി അയ്യരുടെ ഗവൺമെന്റും ഒക്കെ ഈ രംഗത്തു വരുത്തുവാൻ ഉദ്ദേശിച്ച പരിഷ്കാരങ്ങളിൽനിന്നും വിപ്ലവകരമായ വി

ധത്തിലൊന്നും വ്യത്യസ്തമായിരുന്നില്ല എന്നു കാണുവാൻ വിഷമമില്ല. മുപ്പത്തിയാറു വകുപ്പുകളുണ്ടായിരുന്ന ഈ ബില്ലിൻെറ കുടുതൽ വകുപ്പുകളും സ്കൂളധ്യാപകരുടെ നിയമനത്തെയും ജോലി വ്യവസ്ഥകളെയും സംബന്ധിച്ചുള്ളവയായിരുന്നു.[5] സ്വാഭാവികമായും സർക്കാരേതര സ്കൂളുകളിലും സർക്കാരിൻെറ നിയന്ത്രണവും ഇടപെടാനുള്ള അവകാശവും വർധിച്ചതോതിൽ തന്നെ ഈ ബില്ലിൽ വിഭാവനം ചെയ്തിരുന്നു. ഇതിനുസാധൂകരണമായി പറഞ്ഞത്, സർക്കാർ സ്കൂളുകളോടൊപ്പം സ്വകാര്യസ്കൂളുകളും അധ്യാപകരുടെ ജോലി വ്യവസ്ഥകളുടെ കാര്യത്തിലും കരിക്കുലത്തിൻെറ കാര്യത്തിലും ഒരേ രീതിയിൽ പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്താൻ ഇതാവശ്യമാണ് എന്നതാണ്. പരിശീലനം ലഭിച്ച, നിയമനം ലഭിക്കുവാൻ യോഗ്യരായ അധ്യാപകരുടെ ഒരു സംസ്ഥാനതല രജിസ്റ്റർ, സർക്കാർ സ്ക്ളുകൾക്കും സ്വകാര്യ സ്കൂളുകൾക്കും വേണ്ടി തയ്യാറാക്കുവാൻ ഈ ബില്ല് നിർദേശിച്ചു. അധ്യാപകരുടെ ശമ്പളം സർക്കാർ നേരിട്ടുകൊടുക്കും. വിദ്യാർഥികളുടെ താൽപര്യം സംരക്ഷിച്ചുകൊണ്ട് സ്കൂൾ ഭരണം യോഗ്യമായരീതിയിൽ നടത്തുന്ന ഉത്തരവാദിത്തം ആണ് മാനേജ്മെൻറുകളിൽ നിക്ഷിപ്തമായിരുന്നത്. ഇക്കാര്യത്തിൽ ബോധപൂർവമായ വീഴ്ച ഉണ്ടായാൽ, മെയിൻറനൻസ് ഗ്രാൻറും കണ്ടിൻജൻസി ഗ്രാൻറും റദ്ദുചെയ്യാനും അഞ്ചുവർഷംവരെ സർക്കാർ നേരിട്ടു സ്കൂളിൻെറ ഭരണം ഏറ്റെടുക്കുന്നതിനും ഇതിൽ വ്യവസ്ഥ ചെയ്തിരുന്നു.

ഇവ കൂടാതെ, പതിനാലു വയസുവരെയുള്ള എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണം, ടെക്സ്റ്റുബുക്കുകൾ, എഴുത്തുസാമഗ്രികൾ എന്നിവ സൗജന്യമായി വിതരണംചെയ്യുകയും അവർക്ക് സൗജന്യ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്തിരുന്നു ഈ ബില്ലിൽ. കൂടാതെ ഒരു സംസ്ഥാനതല വിദ്യാഭ്യാസ ഉപദേശകസമിതിയും വിവിധപ്രാദേശികതല വിദ്യാഭ്യാസ അതോറിറ്റികളും രൂപീകരിക്കുവാനും ഇതിൽ വ്യവസ്ഥചെയ്തിരുന്നു. ഇതിൽ ഒന്നൊഴിയാതെ എല്ലാ പ്രധാനപ്പെട്ട വകുപ്പുകളും വിമർശനവിധേയമായി. അന്നത്തെ വിമർശനങ്ങൾ ഇന്നു വായിക്കുമ്പോൾ ഒരു കാര്യം വ്യക്തമാകും എന്നു തോന്നുന്നു. പ്രധാനപ്പെട്ട വകുപ്പുകളോരോന്നും നടപ്പിലാക്കേണ്ടത് ഒരു കമ്യൂണിസ്റ്റ് ഗവൺമെന്റായതുകൊണ്ട്, അവയുടെ നടത്തിപ്പിൽ ദുരുപയോഗം അനിവാര്യമാണ് എന്നു സങ്കൽപ്പിച്ച്, ഒരു സാങ്കൽപ്പികദുരുപയോഗത്തെയാണ് വിമർശകരിൽ പലരും ഉയർത്തിക്കാട്ടിയത്. വിദ്യാഭ്യാസബില്ലിനുപുറത്ത് പ്രൈമറി ക്ലാസുകളിൽ പഠിപ്പിക്കുന്നതിനായി വിവിധ ടെക്സ്റ്റു ബുക്കുകൾ തയ്യാറാക്കുവാൻ സർക്കാർതലത്തിൽ കമ്മറ്റികൾ രൂപംകൊടുത്തപ്പോൾ അതിനെതിരായും വിമർശനങ്ങൾ ഉയർന്നു. കമ്യൂണിസ്റ്റ് സർക്കാർ നിയമിച്ച കമ്മറ്റികൾതയ്യാറാക്കിയ ടെക്സ്റ്റുബുക്കുകൾ പഠിക്കേണ്ടിവരുന്ന കുട്ടികൾ മസ്തിഷ്കപ്രക്ഷാളത്തിനു വിധേയരാകും എന്നായിരുന്നു പ്രധാന വിമർശനം. കത്തോലിക്കാ സ്കൂളുകളിൽ നടന്നുപോന്നിരുന്നത് ഒരു ‘മസ്തിഷ്

കപ്രക്ഷാളനം' ആണ് എന്ന് കമ്യൂണിസ്റ്റുകാർക്കുപുറമേ മറ്റുള്ളവരും സഹക്രൈസ്തവ സഭാംഗങ്ങൾവരെയും വിശ്വസിച്ചുപോന്നിരുന്നു എന്നതോർക്കണം.

കത്തോലിക്കാസഭയുടെ വിമർശനങ്ങൾ വ്യക്തിപരം കൂടെയായിരുന്നു. ജോസഫ് മുണ്ടശ്ശേരിയുടെ സ്വതന്ത്രവ്യക്തിത്വം അദ്ദേഹത്തിന് ഒരു സഭാവിമർശകന്റെ സ്ഥാനം കൽപ്പിച്ചുകൊടുത്തിരുന്നു. കൂടാതെ താൻ ജോലിചെയ്തിരുന്ന കത്തോലിക്കാ വിദ്യാഭ്യാസസ്ഥാപനവുമായി ശമ്പളത്തെയും ജോലി വ്യവസ്ഥകളെയും കുറിച്ച് അഭിപ്രായ വ്യത്യാസം പുലർത്തുകയും ചെയ്തിരുന്നു അദ്ദേഹം. കമ്യൂണിസ്റ്റു സർക്കാർ നടപ്പിലാക്കുവാനുദ്ദേശിച്ചിട്ടുള്ള ഈ ബില്ല് ഭരണഘടനയിലെ മതന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചിട്ടുള്ള പ്രത്യേക അവകാശങ്ങളെ ഹനിക്കുമെന്നു മാത്രമല്ല, കമ്യൂണിസ്റ്റു സഹയാത്രികനായ 'സഭാവിരുദ്ധനായ' വിദ്യാഭ്യാസ മന്ത്രി, ഒരു മാനേജ്മെന്റുമായുണ്ടായ അഭിപ്രായ വ്യത്യാസത്തിൻെറ പേരിൽ എല്ലാ സ്വകാര്യമാനേജ്മെൻറുകളെയും 'കൂച്ചുവിലങ്ങിടുവാൻ' ഉദ്ദേശിച്ചാണ് ഈ ബില്ല് വിഭാവനം ചെയ്തത് എന്നുവരെ അവർ പറയുകയുണ്ടായി. ജനമധ്യത്തിൽ പ്രചാരത്തിലായത്, വിദ്യാഭ്യാസബില്ലിനെക്കുറിച്ചുള്ള വ്യക്തമായ വിമർശനങ്ങളെക്കാൾ ഇത്തരം വ്യക്തിപരവും അതിശയോക്തി പരവുമായ പ്രസ്താവനകളാണ്. ഇവയ്ക്ക് എരിവുകൂട്ടാൻ, ജോസഫ് വടക്കൻെറ നേതൃത്വത്തിലുണ്ടായ ആൻറി കമ്യൂണിസറ്റ് ലീഗും ക്രിസ്റ്റഫർ സംഘടനപോലുള്ള മറ്റു സംഘടനകളും രൂപംകൊണ്ടു.

കത്തോലിക്കാസഭയുടെ കമ്യൂണിസ്റ്റുവിരോധം, കേരളത്തിൻെറ സാഹചര്യങ്ങളിലുടലെടുത്തിട്ടുള്ള ഒന്നല്ല. അതിൻെറ ചരിത്രവും, അതിനു രൂപംകൊടുത്ത സാഹചര്യങ്ങളും മനസ്സിലാക്കണമെങ്കിൽ കേരളത്തിനു പുറത്തുള്ള ലോകത്ത് അന്വേഷണം നടത്തണം. എന്നാൽ കേരളത്തിൽ ഒരു കമ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വരുകയും ആ ഗവൺമെന്റിൻെറ പ്രവർത്തനത്തിലൂടെ അവരുടെ പ്രത്യയശാസ്ത്രത്തിലേക്ക് കൂടുതൽ പേർ ആകർഷിക്കപ്പെട്ടുപോവുകയും ചെയ്തേക്കുമോ എന്നുമുള്ള ഭയം തൊള്ളായിരത്തി അമ്പതുകളിലെ കേരളത്തിലെ കത്തോലിക്കാസഭയുടെ കമ്യൂണിസ്റ്റ് വിരോധത്തിന് പുതിയ ഒരു തീക്ഷ്ണത നൽകി. കമ്യൂണിസ്റ്റ്വിരുദ്ധ പ്രത്യയശാസ്ത്രസമരത്തിൻെറ പ്രാധാന്യമർഹിക്കുന്ന മാർഗമായി കണ്ടിരുന്ന വിദ്യാഭ്യാസരംഗത്തെ നിയന്ത്രണത്തെ ചെറുതായെങ്കിലും ഹനിക്കുന്ന ഒരു നടപടിയുണ്ടായപ്പോൾ അതിനെതിരായ പ്രതികരണവും അതിശക്തമായി. കേരളത്തിൻെറ പ്രത്യേക സാഹചര്യങ്ങളിൽ സ്കൂൾ നടത്തിപ്പിലൂടെ കൈവന്നിരുന്ന ഉയർന്ന സ്വാധീനവും സാമൂഹ്യാന്തസ്സും നഷ്ടപ്പെട്ടുപോയേക്കാം എന്ന ഭീതിയും പ്രതിഷേധത്തെ ആളിക്കത്തിച്ച മറ്റൊരു ഘടകമായിരുന്നിരിക്കാം.

മേൽ സൂചിപ്പിച്ച കാര്യങ്ങളോടൊപ്പം കാണേണ്ട മറ്റൊന്നുകൂടിയു

ണ്ട്. അന്നുവരെ മാനേജർമാരുടെയും സാമുദായികനേതാക്കളുടെയും ദ്രോഹനടപടികളെ എതിർക്കുവാൻ പറ്റാത്ത നിസ്സഹായാവസ്ഥയിലായിരുന്നു അധ്യാപകർ. അവർക്ക് സർക്കാരിൻെറയും അതിനെ നിലനിർത്തുന്ന ശക്തമായ ഒരു രാഷ്ട്രീയപാർട്ടിയുടെയും സഹായം ലഭിക്കുകയും, വിദ്യാഭ്യാസ ബില്ലിലൂടെ സേവനസ്ഥിരതയും ഉറപ്പായ ശമ്പളവും ലഭ്യമാകുകയും ചെയ്താൽ, അവർക്ക് ആശയപരവും സംഘടനാപരവും ആയ വിമോചനം സാധ്യമാകും. അതോടുകൂടി കേരളത്തിൽ ഒന്നൊന്നായി സമരസന്നദ്ധരായി സംഘടിപ്പിക്കപ്പെട്ടു വന്ന അനവധി വിഭാഗങ്ങളോടൊപ്പം, ബുദ്ധിപരമായി കൂടുതൽ ഉയർന്ന കഴിവുകളുള്ളവരും സമൂഹത്തിൽ വ്യാപകമായി ബഹുമാനിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്നവരും ആയ ഒരു പുതിയ സംഘം അധ്യാപകർകൂടി രംഗത്തുവരും. ഇത് നിലവിലിരുന്ന സാമുദായിക ശക്തികൾ അതിയായ ഭയാശങ്കകളോടെയാണ് വീക്ഷിച്ചിരുന്നത്. പ്രത്യേകിച്ചും, മലബാറിലെ അധ്യാപക വിഭാഗം ദേശീയപ്രസ്ഥാനത്തിലും കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും വഹിച്ച പങ്കിനെക്കുറിച്ച് അറിയാവുന്നവർ. ജോസഫ് മുണ്ടശ്ശേരിയുടെയും കമ്യൂണിസ്റ്റ് ഗവൺമെന്റിൻെറയും ഉദ്ദേശ്യലക്ഷ്യങ്ങളിൽ അധ്യാപകരുടെ വിമോചനം പ്രധാനപ്പെട്ട ഒന്നു തന്നെയായിരുന്നു. 1957ലെ ബില്ല് കൈവരിച്ച പ്രധാനപ്പെട്ട ഒരു നേട്ടം, അധ്യാപകരെ അവരുടെ 'ദാസ്യാവസ്ഥയിൽ' നിന്നും വിമോചിപ്പിച്ച് സാമൂഹ്യ- രാഷ്ട്രീയ സംഘടനാപരമായ പ്രവർത്തനത്തിന് യോഗ്യരാക്കി എന്നതാണ്.

### വിദ്യാഭ്യാസബില്ലും കാർഷികബന്ധബില്ലും തമ്മിലുള്ള ഘടനാപരമായ ബന്ധം.

1957ലെ വിദ്യാഭ്യാസബില്ലും കാർഷികബന്ധബില്ലും തമ്മിലുള്ള ഘടനാപരമായ ബന്ധം സുവ്യക്തമല്ല. അവ തമ്മിൽ അങ്ങനെയൊരു ബന്ധം ഉണ്ടായിരുന്നുവോ എന്നു മനസ്സിലാക്കണമെങ്കിൽ, കേരളത്തിൻെറ ആധുനികകാല ചരിത്രത്തിലേക്ക് കണ്ണോടിക്കേണ്ടിയിരിക്കുന്നു. ഐക്യകേരളവും അതിൽ ഉൾക്കൊണ്ടിരുന്ന തിരുവിതാംകൂറും കൊച്ചിയും സാക്ഷരതയുടെയും അടിസ്ഥാന വിദ്യാഭ്യാസത്തിൻെറയും കാര്യത്തിൽ ഇന്ത്യയുടെ മറ്റു പ്രദേശങ്ങളേക്കാൾ മുൻപന്തിയിലായിരുന്നു. മലബാറും ഇക്കാര്യത്തിൽ അത്ര പിറകിലായിരുന്നില്ല. കേരളത്തിലെ സാക്ഷരതയിലുള്ള മുൻതൂക്കത്തെ പലരും പാശ്ചാത്യ ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനത്തിൻെറ ഫലമായാണ് കാണുന്നത്. ചിലരെങ്കിലും തിരുവിതാംകൂറും കൊച്ചിയും ഭരിച്ചിരുന്ന മഹാരാജാക്കന്മാരുടെ ജനക്ഷേമതൽപരതയാണ് ഇതിനു കാരണമായി കാണുന്നത്. ഇതിൽ നിന്നും വിഭിന്നമായ ഒരഭിപ്രായം ഈ ലേഖകൻ തന്നെ മറ്റൊരവസരത്തിൽ മുന്നോട്ടുവെച്ചിട്ടുണ്ട്.[6] ഈ വിഭിന്നാഭിപ്രായത്തിൻെറ അർ

ഥം മിഷണറിമാരും രാജാക്കന്മാരും ഈ രംഗത്ത് ഒന്നും ചെയ്തിട്ടില്ല എന്നല്ല. എന്നുമാത്രമല്ല ഈ രണ്ടു കൂട്ടരുടെയും പ്രവർത്തനം തികച്ചും മഹത്തരം എന്നു വിശേഷിപ്പിക്കാവുന്നതുമായിരുന്നു.

പക്ഷേ, മിഷണറിമാരുടെ പ്രവർത്തനം ആയിരുന്നു സാക്ഷരതാ വർധനവിൻെറ പ്രധാന കാരണം എന്നു കരുതിയാൽ എ ഡി 1500 മുതൽക്ക് കേരളത്തിൻെറ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ചും പ്രവർത്തിച്ചുപോന്നിരുന്ന കത്തോലിക്കാ മിഷണറിമാരുടെ പ്രവർത്തനത്തിനു ഫലമില്ലാതെ പോയോ എന്നു സംശയിക്കണം. സാക്ഷരതയുടെ കാര്യത്തിലും അടിസ്ഥാന വിദ്യാഭ്യാസത്തിൻെറ കാര്യത്തിലും പട്ടികവർഗവിഭാഗങ്ങൾ കഴിഞ്ഞാൽ ഏറ്റവും പിന്നോക്കംനിൽക്കുന്ന ഒരു വിഭാഗം തീരദേശനിവാസികളും അവരിൽത്തന്നെ കത്തോലിക്കാ മിഷണറിമാർ ദീർഘകാലം പ്രവർത്തിച്ച കടലിൽ പോയി മീൻ പിടിക്കുന്നവരും ആണ്. ഈ രണ്ടു വിവരങ്ങളും കൂട്ടിവായിക്കുമ്പോൾ കത്തോലിക്കാമിഷണറിമാരുടെ ആദ്യകാല വിദ്യാഭ്യാസപ്രവർത്തനം ആധുനിക സാക്ഷരതാരംഗത്തല്ലായിരുന്നുവെന്നും അവ വേദോപദേശം പഠിപ്പിക്കുന്നതിലോ മറ്റോ ഒതുങ്ങിയിരുന്നിരിക്കണം എന്നുമുള്ള നിഗമനത്തിലാണ് നാം എത്തുക. എന്നു മാത്രമല്ല, പത്തൊമ്പതാം നൂറ്റാണ്ടിൻെറ അവസാന ദശകങ്ങളിൽ തിരുവിതാംകൂറിലെ സെൻസസ് കമ്മീഷണറായിരുന്ന വി നാഗം അയ്യ മുഹമ്മദീയരെയും 'റോമോസിറിയൻസിനേയും (റോമൻ കത്തോലിക്കരായ സുറിയാനിക്കാരേയും) പഠിപ്പിക്കാൻ ശ്രമിക്കുന്നതിലർഥമില്ലെന്നും അവരുടെ മുല്ലാമാരും കത്തനാരന്മാരും ആധുനിക വിദ്യാഭ്യാസത്തിൽ തൽപരരല്ലെന്നും പറഞ്ഞിട്ടുമുണ്ട്.[7]

പിന്നെയുള്ളത് പ്രൊട്ടസ്റ്റൻറ് വിഭാഗത്തിൽപെട്ട മിഷണറിമാരാണ്. പത്തൊമ്പതാം നൂറ്റാണ്ടിൻെറ ആദ്യകാലം മുതൽക്ക് ഇവിടെ പ്രവർത്തിച്ചു തുടങ്ങിയ അവർ, വിദ്യാഭ്യാസ കാര്യത്തിൽ അതും ആധുനിക വിദ്യാഭ്യാസത്തിൻെറയും സാക്ഷരതയുടെയും കാര്യത്തിൽ അതീവ ശ്രദ്ധാലുക്കളായിരുന്നു എന്നത് പ്രസിദ്ധമാണ്. അവരുടെ വിശ്വാസം അനുസരിച്ച് ഓരോരുത്തർക്കും സ്വന്തമായി ബൈബിൾ വായിച്ച് അത് സ്വയം വിശദീകരിക്കുവാനുള്ള കഴിവ് ദൈവരാജ്യസമ്പാദനത്തിന് അത്യന്താപേക്ഷിതമാണ്. എന്നാൽ കത്തോലിക്കരെ സംബന്ധിച്ചിടത്തോളം, ബൈബിൾ വായിക്കുന്നതും അത് സ്വയം വിശദീകരിക്കുന്നതും എല്ലാം കഴിഞ്ഞ അരനൂറ്റാണ്ടിനു മുൻപുവരെ നിരുൽസാഹപ്പെടുത്തിയിരുന്ന പ്രവർത്തനങ്ങളാണ്. പ്രൊട്ടസ്റ്റൻറ് മിഷണറിമാർ, പ്രധാനമായും പ്രവർത്തിച്ചിരുന്നത്, അകത്തോലിക്കാ വിഭാഗങ്ങളിൽപെട്ടിരുന്ന സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലും ജാതിവ്യവസ്ഥയിൽ താഴ്ന്നവരെന്നു കരുതപ്പെട്ടിരുന്നവരുടെ ഇടയിലുമാണ്. ഇതിൽ രണ്ടാമതു പറഞ്ഞ കൂട്ടരുടെ ഇടയിലെ പ്രവർത്തനം പ്രത്യേകം പ്രശംസാർഹമായിരുന്നു. മിഷണറിമാരുടെ വിദ്യാഭ്യാസപ്രവർത്തനം ഇല്ലായിരുന്നെങ്കിൽ ജാതിവ്യവസ്ഥയുടെ നീരാളിപ്പിടുത്തത്തിലമർന്നു കഴിയേണ്ടി വന്നിരുന്ന ഈ കൂട്ടരുടെയി

ടയിൽ ആധുനിക സാക്ഷരത എത്തിക്കുവാൻ, അന്ന്, മറ്റാരെങ്കിലും തയ്യാറാകുമായിരുന്നോ എന്നത് സംശയമാണ്.

മിഷണറിമാരുടെയും, അവരെ തുടർന്ന് ഈ രംഗത്തുവന്ന മറ്റു സാമുദായിക സംഘടനകളുടെയും സ്വകാര്യ ഏജൻസികളുടെയും വിദ്യാഭ്യാസപ്രവർത്തനങ്ങളെ കാര്യമായവിധത്തിൽ സഹായിച്ചത് രാജകീയ സർക്കാറുകളുടെ നയപരിപാടികളാണ്. പത്തൊമ്പതാം നൂറ്റാണ്ടിൻെറ ആദ്യ ഭാഗത്തുതന്നെ സർക്കാർ ധനസഹായം ഏർപ്പെടുത്തുകയും വിദ്യാഭ്യാസ വികസനത്തിനു സഹായകരമായ അനുകൂല സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു.[8] തുടക്കത്തിൽ ഈ നയം പലരും ഉദ്ധരിച്ചിട്ടുള്ള 1817-ലെ തിരുവിതാംകൂറിലെ റാണിയുടെ വിളംബരം ഉൾപ്പെടെ ബ്രിട്ടീഷ് അധികാരികളുടെ നിർബന്ധംമൂലം ഉണ്ടായിട്ടുള്ളതാകാമെങ്കിലും, ഇത്തരം ഒരു നയത്തിന് ഇവിടത്തെ രാജാക്കന്മാർ എതിരുനിന്നിട്ടില്ല എന്നത് പ്രശംസനീയമാണ്. ഇതിനൊരു പ്രധാനകാരണമായി പറയുവാനുള്ളത്, പതിനെട്ടാം നൂറ്റാണ്ടിൽ മാർത്താണ്ഡവർമ്മയുടെ നേതൃത്വത്തിലും പത്തൊമ്പതാം നൂറ്റാണ്ടിൻെറ ആദ്യവർഷങ്ങളിൽ രാമവർമ്മ ശക്തൻതമ്പുരാൻെറ കീഴിലും, തിരുവിതാംകൂറിലും കൊച്ചിയിലും രാജാവിനെ കേന്ദ്രീകരിച്ച്, രാഷ്ട്രീയാധികാരം കേന്ദ്രീകരിക്കപ്പെട്ടപ്പോൾ, അതിനെ ഏറ്റവും കാര്യമായി സഹായിച്ചത് സാമൂഹ്യശ്രേണിയിലും കാർഷിക സമ്പദ് വ്യവസ്ഥയിലും മധ്യവിഭാഗത്തിൽപെട്ടവരായിരുന്നതുകൊണ്ട്, ഇവരുടെ പിൻഗാമികൾക്ക് കൊളോണിയലധികാരത്തിൻ കീഴിലെ മാറിയ സാഹചര്യത്തിൽ, ആധുനിക വിദ്യാഭ്യാസം അനിവാര്യമായി വന്നപ്പോൾ, അതിനുതടസം നിൽക്കുന്നതൊന്നുംചെയ്യുവാൻ രാജാധികാരം തയ്യാറായില്ല എന്നതാണ്.

രാജാധികാരത്തിൻെറ സഹായത്തോടെ പ്രൊട്ടസ്റ്റന്റ് മിഷണറിമാരുടെ പ്രവർത്തനം വിവിധ സ്കൂളുകൾ കേരളത്തിൽ അങ്ങോളമിങ്ങോളം ഉണ്ടായി എന്ന നിഗമനത്തിലെത്താം. എന്നാൽ, അതുകൊണ്ടുമാത്രം സാക്ഷരതയും, അടിസ്ഥാനവിദ്യാഭ്യാസവും വികസിക്കുമോ? തിരുവിതാംകൂറിലും കൊച്ചിയിലും ഉണ്ടായതിനേക്കാൾ വിദ്യാഭ്യാസരംഗത്ത് പ്രൊട്ടസ്റ്റന്റ് മിഷണനറിമാർ കൂടുതൽ ധനവിനിയോഗവും പരിശ്രമവും ചെയ്തത് തമിഴ്നാട്ടിലെ തഞ്ചാവൂരിലായിരുന്നു എന്ന് റോബിൻ ജെഫ്രി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.[9] എന്നിട്ടും എന്തുകൊണ്ട് തഞ്ചാവൂരിൽ, ഇവിടെയുണ്ടായതുപോലെയുള്ള ഒരു കുതിച്ചുചാട്ടം സാക്ഷരതയിൽ ഉണ്ടാകാതെപോയി എന്നദ്ദേഹം ചോദിക്കുന്നുമുണ്ട്. കൂടാതെ പത്തൊമ്പതാം നൂറ്റാണ്ടിലെ തിരുവിതാംകൂറിൽ വിവിധ സ്കൂളുകൾ ഏർപ്പെടുത്തിയെങ്കിലും വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ വലിയ വർധനവ് ഉണ്ടായതായി കാണുന്നില്ല.[10] എന്നാൽ അതേ നൂറ്റാണ്ടിൻെറ രണ്ടാംഭാഗത്ത് സാക്ഷരതയുടെയും അടിസ്ഥാന വിദ്യാഭ്യാസത്തിൻെറയും കാര്യത്തിൽ ശ്രദ്ധേയമായ പുരോഗതി ഈ സംസ്ഥാനം കൈവരിക്കുന്നുമുണ്ട്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ, തഞ്ചാവൂരിലും

പത്തൊമ്പതാം നൂറ്റാണ്ടിൻെറ ആദ്യഭാഗത്തിലെ തിരുവിതാംകൂറിലും ഇല്ലാതെപോയതും, തിരുവിതാംകൂറിലും കൊച്ചിയിലും പൊതുവേയും, പത്തൊമ്പതാം നൂറ്റാണ്ടിലെ തിരുവിതാംകൂറിൽ പ്രത്യേകിച്ചും ഉണ്ടായിരുന്ന ഏതോ ഒരു ഘടകം ആണ് കേരളത്തിലെ സാക്ഷരതാവർധനവിൻെറയും അടിസ്ഥാനവിദ്യാഭ്യാസവളർച്ചയുടെയും പുറകിൽ പ്രവർത്തിച്ചതെന്നു കാണാം.

ഈ സുപ്രധാനഘടകം വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ചോദന ആണെന്നുകാണുവാൻ വിഷമമില്ല. എത്ര സ്കൂളുകൾ ഏർപ്പെടുത്തിയാലും വിദ്യാഭ്യാസം ആവശ്യമായി ജനം കണ്ടില്ലെങ്കിൽ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും വികസനം ഉണ്ടാകുകയില്ലല്ലോ. പത്തൊമ്പതാം നൂറ്റാണ്ടിൻെറ രണ്ടാംഭാഗത്ത് യൂറോപ്യൻ മൂലധനത്തിൻെറ നേതൃത്വത്തിൽ പ്ലാൻേറഷൻ വിളകളും[11], കുട്ടനാടൻ പാടശേഖരങ്ങളിലെ കായൽകൃഷിയും[12] മറ്റു നാണ്യവിളകളുടെ കൃഷിയും തിരുവിതാംകൂറിലും കൊച്ചിയിലും വികസിച്ചുവന്നു. ഇതിൻെറ കാരണങ്ങളും പതിനെട്ടാം നൂറ്റാണ്ടിലെ അധികാരകേന്ദ്രീകരണത്തിൽ മധ്യവർത്തി വിഭാഗങ്ങൾ രാജാധികാരത്തിനുവേണ്ടി ചെയ്ത സഹായസഹകരണങ്ങൾവരെ നീണ്ടുകിടക്കുന്നുണ്ട്.[13] പത്തൊമ്പതാം നൂറ്റാണ്ടിൽ കൊളോണിയലാധിപത്യത്തിൻ കീഴിൽ കുറച്ച് സ്വയംഭരണ സ്വാതന്ത്ര്യം ലഭിച്ച തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണകൂടങ്ങൾ കാർഷിക സമ്പദ്വ്യവസ്ഥിതിയിലെ മധ്യവർഗങ്ങൾക്കും ജാതികൾക്കും സമുദായങ്ങൾക്കും അനുകൂലമായ വിവിധ നയപരിപാടികൾ നടപ്പിലാക്കി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് തിരുവിതാംകൂറിൽ 1868-ൽ നടപ്പാക്കിയ പണ്ടാരവക പാട്ടവിളംബരം ആണ്. അതോടുകൂടി അന്നുവരെ ഭൂഉടമാബന്ധങ്ങളിൽ മുൻനിരയിലില്ലായിരുന്ന സുറിയാനി ക്രിസ്ത്യാനികളും മുസ്ലീം സമുദായങ്ങളും, ഒരു ചെറിയ പരിധിവരെ ഈഴവസമുദായാംഗങ്ങളും, സർക്കാർ ഭൂമിയുടെമേൽ കൈവശാവകാശം സ്ഥാപിച്ചെടുത്തു. നൂറ്റാണ്ടിൻെറ അവസാനമായപ്പോഴേക്കും 'ജന്മി കുടിയാൻ ആക്ട്' വഴി സ്വകാര്യഭൂമിയിൽ പാട്ടക്കാരായിരുന്നവർക്കും കൂടുതൽ ശക്തമായ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടി.

ഇങ്ങനെ ലഭ്യമായ ഭൂമിയിൽ മരച്ചീനി, തെങ്ങ് എന്നിവയുടെ കൃഷി ഇരുപതാം നൂറ്റാണ്ടായതോടുകൂടി അഭൂതപൂർവമായി വർധിക്കുന്നതായും കാണാം.[14] ഇവ കൃഷിചെയ്യാൻ മറ്റു നാണ്യവിളകളുടെപോലെ വലിയ കൃഷിയിടങ്ങൾ വേണ്ടിയിരുന്നില്ല. അതുകൊണ്ടുതന്നെ ഇവയുടെ കൃഷിയിലൂടെ ചെറുകിടക്കാർക്കും നാണ്യവിളക്കൃഷി പ്രാപ്യമായി. ഇവയുടെ വ്യാവസായിക ഉപയോഗം വഴി കൃഷിയും വ്യവസായവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുകയും നാളികേരത്തിൻെറയും അബ്കാരി ഉൾപ്പെടെയുള്ള അതിന്റെ മറ്റു തരത്തിലുള്ള ഉപഭോഗ വസ്തുക്കളുടെയും അസംസ്കൃതപദാർഥങ്ങളുടെയും വിലവർധനവ് ആ രംഗത്ത് പ്രവർത്തിച്ചിരുന്ന സമുദായാംഗങ്ങളുടെ സാമ്പത്തികവളർച്ചയെ സഹായിക്കുകയും

ചെയ്തു. ഇങ്ങനെ മധ്യവിഭാഗത്തിൽപ്പെട്ട സമുദായങ്ങളിൽപ്പെട്ടവരിൽ ചിലർ സമ്പന്നരായിത്തീർന്നപ്പോൾ അവർക്ക് അന്നത്തെ ജാതി വ്യവസ്ഥയിൽ അനുഭവിക്കേണ്ടിവന്ന അവശതകൾ അംഗീകരിക്കാൻ പ്രയാസമായിത്തോന്നി. സാമൂഹ്യവും ആചാരപരവുമായ പരിഷ്കരണപ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിനുപുറകിൽ പ്രവർത്തിച്ച പ്രധാനഘടകങ്ങളിലൊന്ന് ഇതായിരുന്നു.

മധ്യവിഭാഗത്തിൽപ്പെട്ട സമുദായങ്ങളിലും ജാതികളിലുംപെട്ടവർ സാമൂഹ്യാന്തസ്സ് നേടുവാൻ കണ്ടുപിടിച്ച മാർഗം ആധുനികവിദ്യാഭ്യാസത്തിലൂടെ ഡിഗ്രികളും സർട്ടിഫിക്കറ്റുകളും നേടിയെടുത്ത് അവയുടെ അടിസ്ഥാനത്തിൽ സംഘടിതരംഗത്ത്, അതിനുതന്നെ സർക്കാരിൽ, ജോലികൾ നേടിയെടുക്കുക എന്നതായിരുന്നു. സ്വന്തം ജാതിയിൽപെട്ടവർ മജിസ്ട്രേട്ടുമാരും ഗുമസ്തന്മാരും വക്കീലന്മാരും പൊലീസുകാരും അധ്യാപകരും ആയി വന്നാൽ ജാതിയുടെ പേരിലുള്ള പീഡനത്തിൽനിന്നും രക്ഷനേടുവാനാകും എന്നവർ സ്വന്തം അനുഭവത്തിൽനിന്നും മറ്റു സമുദായങ്ങളുടെ അനുഭവത്തിൽ നിന്നും തിരിച്ചറിഞ്ഞു. ഇതിനാവശ്യം ആധുനികവിദ്യാഭ്യാസം ആയിരുന്നല്ലോ. അതോടുകൂടി ഈ വിഭാഗത്തിൽനിന്നും വിദ്യാഭ്യാസത്തിനായുള്ള ചോദന അഭൂതപൂർവമായി ഉയർന്നു. ഇതിൻെറ ഏറ്റവും പ്രകടമായ ഉദാഹരണം ഒരിക്കൽ നാഗം അയ്യ 'പഠിപ്പിച്ചിട്ട് കാര്യം ഇല്ല' എന്നു പറഞ്ഞു തള്ളിയ 'റോമോസിറിയൻസ്' അല്ലെങ്കിൽ കത്തോലിക്കരായ സുറിയാനി ക്രിസ്ത്യാനികളാണ്. കുറച്ചുനാൾ മിഷണറിമാരുടെ നേതൃത്വം വിട്ട് നിധിരിക്കൽ മാണികത്തനാർ എന്ന സാമൂഹ്യപരിഷ്കർത്താവിന് ചില സഭാധികാരങ്ങൾ ലഭ്യമായതോടുകൂടി കത്തോലിക്കർ അവരുടെ സ്വർണക്കുരിശും വെള്ളിക്കുരിശും വിറ്റ് സ്കൂളുകൾ തുടങ്ങി. ഒരു ദശകത്തിനുള്ളിൽ തന്നെ അവർ കൊച്ചിയിലും തിരുവിതാംകൂറിലുമായി ആയിരം സ്കൂളുകൾ സ്ഥാപിച്ചുവത്രേ.[15]

ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ വിവിധ സമുദായങ്ങളുടെ സാമ്പത്തികവികസനത്തേയും സാമൂഹ്യാന്തസ്സിനെയും സഹായിച്ചത് ഭൂമിയുടെ മേലുള്ള കൈവശാവകാശവും ആധുനിക വിദ്യാഭ്യാസവും ആണെന്നു കാണാം. ഈ രണ്ടുരംഗത്തുമാണ് ആദ്യത്തെ കമ്യൂണിസ്റ്റ് ഗവൺമെന്റ് അവരുടെ പരിഷ്കരണോദ്യമങ്ങളുമായി കൈവച്ചത് സ്വഭാവികമായും ഇവ തമ്മിലുള്ള ഘടനാപരമായ ബന്ധങ്ങൾ ജനമധ്യത്തിൽ വ്യക്തമായിരുന്നിരിക്കില്ലെങ്കിലും, പരിഷ്കരണത്തിൻെറ ദിശ ഏതു വഴിക്കുതിരിയും എന്ന അങ്കലാപ്പ് വിവിധ സമുദായങ്ങളുടെ നേതൃത്വനിരയിലുണ്ടായിരുന്നവർക്കെങ്കിലും തോന്നിയിരിക്കണം. ഒരുവശത്ത് കമ്യൂണിസത്തെ ഒരു 'ദുർഭൂതം' ആയി കണ്ടിരുന്ന ചില വിഭാഗങ്ങളെങ്കിലും കേരളത്തിലുണ്ടായിരുന്നു. അവരോട്, ഇന്ത്യയുടെ ഭരണഘടനയ്ക്കുള്ളിൽനിന്നുകൊണ്ട് പ്രവർത്തിക്കുവാൻ ബാധ്യസ്ഥരായ ഒരു സംസ്ഥാന സർക്കാർ മാത്രമാണ് ഇ എം എസിൻെറ നേതൃത്വത്തിലുള്ള ഗവൺമെന്റ് എന്നും അവരുടെ പരിഷ്

കരണപരിപാടികൾക്ക് അത്ര വലിയ വിപ്ലവാത്മകത ഉണ്ടായിരിക്കുവാൻ ഇടയില്ല എന്നും പറഞ്ഞിട്ട് കാര്യമുണ്ടായിരുന്നില്ല. മറുവശത്ത് സമുദായങ്ങൾ തമ്മിലും സമുദായാംഗങ്ങൾ തമ്മിലും കിടമൽസരങ്ങളും താൽപര്യവൈരുധ്യങ്ങളും ഉണ്ടായിരുന്നെങ്കിലും, പരിഷ്കരണ തീരുമാനങ്ങൾ എടുക്കുക മാത്രമല്ല അവ നടപ്പാക്കുകയും ചെയ്യുവാൻ ഉറച്ച ഒരു ഗവൺമെന്റാണ് അധികാരത്തിലുള്ളതെന്ന് മനസ്സിലായതോടുകൂടി വിവിധ വിഷയങ്ങളിൽ എതിർപ്പ് തോന്നിയ വിവിധ സമുദായങ്ങളും സമുദായാംഗങ്ങളും ഈ വൈരുധ്യങ്ങളെ മറികടന്ന് ഒരുമിച്ച് ഗവൺമെന്റിനെ എതിർക്കുവാൻ തുടങ്ങി.

ഇതിന് ഉദാഹരണം ആണ് വിദ്യാഭ്യാസ പരിഷ്കരണത്തെ എതിർക്കുവാൻ മടികാണിച്ച എൻ എസ് എസ് തന്നെ വിമോചനസമരത്തിനു നേതൃത്വം കൊടുത്തത്. തങ്ങൾക്ക് ഭൂവുടമസ്ഥതയിലും വിദ്യാഭ്യാസരംഗത്തും ഉണ്ടായിരുന്ന മുൻതൂക്കത്തെ ഏറ്റവും ശക്തമായി വെല്ലുവിളിച്ചിരുന്ന സുറിയാനി ക്രിസ്ത്യാനികളോട് ചേർന്നാണ് ഇവരിങ്ങനെ ഒരു നിലപാട് എടുത്തത്. ഇതിനു കാരണം, കാർഷികബന്ധബില്ലും വിദ്യാഭ്യാസ ബില്ലും (ഇവ കൂടാതെ ഈഴവ സമുദായത്തിനനുകൂലമായ ഒരു സംവരണനയവും) നടപ്പിലാക്കപ്പെടുമോ എന്ന ഭയവും ആയിരുന്നു.[16] ഇവ രണ്ടുംകൂടി സൃഷ്ടിച്ച പരിഷ്കരണ നടപടികൾ ഏതേതു വിധത്തിൽ ഏതു താൽപര്യങ്ങളുടെ വൻമരങ്ങളെ മറിച്ചിടും എന്ന ഭയം ആണ് നായർ – ക്രൈസ്തവ 'ഐക്യ'ത്തിലേക്ക് നയിച്ചതെന്നു തോന്നുന്നു. ഈ ഭയത്തിൻെറ അടിയിൽ പ്രവർത്തിച്ചിരുന്നത് സുവ്യക്തമാകാതിരുന്ന വിദ്യാഭ്യാസം, ഭൂവുടമസ്ഥത എന്നിവ തമ്മിലുള്ള ഘടനാപരമായ ബന്ധവും ആയിരുന്നു.

**ഉപസംഹാരം**

വിദ്യാഭ്യാസബില്ലും കാർഷികബന്ധബില്ലും തമ്മിൽ ബന്ധപ്പെടുത്തിയ ചിന്തകളോ വിദ്യാഭ്യാസരംഗവും കാർഷികബന്ധങ്ങളും തമ്മിൽ ഉണ്ടായിരുന്ന ഘടനാപരമായ ബന്ധങ്ങളോ ജനമധ്യത്തിൽ പ്രകടമായിരുന്നില്ല എന്നു പറഞ്ഞുകഴിഞ്ഞു. 'വിമോചനസമരക്കാർ സൃഷ്ടിച്ച' സാഹിത്യം വായിച്ചുനോക്കിയാൽ ഇവയെ അവർക്കു പൂർണമായി മനസ്സിലായിരുന്നോ എന്ന സംശയം ബലപ്പെടും. പക്ഷേ അവർ ലക്ഷ്യമാക്കിയത് ഈ രണ്ടു പരിഷ്കരണനിയമനിർമാണങ്ങളെയും അവയുടെ പിറകിൽ പ്രവർത്തിച്ച കമ്യൂണിസ്റ്റ് ഗവൺമെന്റിനെയുമാണ്. ഇതിനുകാരണം പൊതുവെ സമുദായാടിസ്ഥാനത്തിലുള്ള താൽപര്യങ്ങൾ ശക്തമായിരുന്ന രംഗങ്ങളിൽ വന്നതോ വരുവാൻ പോകുന്നതായി അവർ കണ്ടിരുന്നതോ ആയ മാറ്റങ്ങളെ അംഗീകരിക്കുവാനുള്ള വൈമുഖ്യം ആയിരുന്നിരിക്കണം. ഇതിന്റെയർഥം ഘടനാപരമായ ബന്ധങ്ങളെക്കുറിച്ച് പൂർണമായ അറിവോടുകൂടിയായിരിക്കണമെന്നില്ല സമുദായങ്ങളും

ജാതികളും മറ്റു ജനസമൂഹങ്ങളും പ്രതിഷേധ പ്രകടനങ്ങൾക്കായി പുറപ്പെടുന്നത് എന്നാണ്. കൂടാതെ കേരളത്തിലെ സമുദായങ്ങൾ തമ്മിൽ നിലനിന്നിരുന്ന കിടമൽസരങ്ങൾ അവസാനിപ്പിച്ചിട്ട് ഒന്നുമല്ല അവരൊരുമിച്ച് സമരത്തിനു പുറപ്പെട്ടത്. വിദ്യാഭ്യാസബില്ലിലെയും കമ്യൂണിസ്റ്റ് ഗവൺമെന്റിൻെറ വിദ്യാഭ്യാസനയത്തിലെയും പല വകുപ്പുകളും മുസ്ലീം സമുദായത്തിലേയും ഈഴവ സമുദായത്തിലേയും സാധാരണ അംഗങ്ങളെ വ്യക്തമായും സഹായിക്കുന്ന തരത്തിലുള്ളവയായിരുന്നു. പക്ഷേ ഈ വിഭാഗങ്ങളിൽപ്പെട്ടവർ തന്നെ 'വിമോചന' സമരത്തിൻെറ വക്താക്കളായി മാറിയതായി കാണാം. ഇതിനുകാരണം, മറ്റുപല സാമൂഹ്യസംഘർഷങ്ങളിലും കാണുന്നതുപോലെ ചില പ്രത്യേക, ജനശ്രദ്ധയാകർഷിക്കുന്ന ഘടകങ്ങളെ മുൻനിറുത്തി സംഘടിപ്പിക്കപ്പെടുന്ന ഒരു പ്രതിഷേധമുന്നേറ്റത്തിന് ഒരുപരിധിവരെ ജനപിന്തുണ നേടുവാൻ കഴിയും എന്നതാണ്. ഇത്തരം ഒരു പ്രതിഷേധപ്രകടനത്തിന് അന്നത്തെ പ്രതിപക്ഷപാർട്ടികളും സാമുദായിക സംഘടനകളും തുനിഞ്ഞത് പ്രധാന പരിഷ്കരണരംഗങ്ങൾ തമ്മിലുള്ള ഘടനാപരമായ ബന്ധത്തെക്കുറിച്ചുണ്ടായിരുന്ന സുവ്യക്തമല്ലാത്ത അവബോധത്താൽ പ്രേരിതരായാണ്.

നമുക്കിന്ന് ഏതാണ്ട് 50 വർഷത്തെ ചരിത്രാനുഭവങ്ങളുടെ പിന്തുണയോടെ അക്കാലത്തെ പ്രധാന പരിഷ്കരണവിഷയങ്ങൾ തമ്മിലുണ്ടായിരുന്നിരിക്കാമായിരുന്ന ഘടനാപരമായ ബന്ധങ്ങളെക്കുറിച്ചൊക്കെ ഉപന്യസിക്കുവാൻ സാധിക്കുന്നു. എന്നാൽ അന്ന് വിദ്യാഭ്യാസബില്ലും കാർഷികബന്ധബില്ലും അവതരിപ്പിച്ച ഗവൺമെന്റോ അതിനെ പിന്താങ്ങിയിരുന്ന പ്രസ്ഥാനമോ ഇവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിച്ചിരുന്നോ എന്നു മനസ്സിലാക്കുവാൻ പറ്റിയ തെളിവുകളൊന്നും ഈ ലേഖകൻെറ പക്കലില്ല. പക്ഷേ, അന്നത്തെ കമ്യൂണിസ്റ്റ് പ്രസ്ഥാനം, ജാതിസമുദായ – വർഗ വിഭജനങ്ങളെ മറികടന്ന് കേരളത്തിലെ ജനസമൂഹത്തെ ഒട്ടാകെ സംഘടിപ്പിച്ചത് ഐക്യകേരള മുദ്രാവാക്യവും സമഗ്ര ഭൂപരിഷ്കരണ മുദ്രാവാക്യവും വഴിയാണ്. ഇതിൽ ഐക്യകേരളം ലഭ്യമായതോടുകൂടി പിന്നെ ഉടനടി ചെയ്യുവാനുണ്ടായിരുന്നത് കാർഷിക ബന്ധങ്ങളുടെ പരിഷ്കരണമായിരുന്നു. ഇതിലൂടെ മാത്രമേ കേരളസമൂഹത്തിൻെറയും സാമ്പത്തിക വ്യവസ്ഥയുടെയും മുന്നോട്ടുള്ള പോക്ക് സാധിതപ്രായമാകുകയുള്ളു എന്നും ആ പ്രസ്ഥാനത്തിന് വ്യക്തമായിരുന്നു. മാത്രമല്ല, കാർഷികബന്ധങ്ങളിൽ അന്നത്തെ ഗവൺമെന്റ് വരുത്താൻ ഉദ്ദേശിച്ചിരുന്ന പരിഷ്കാരങ്ങൾ നടപ്പിലാക്കപ്പെട്ടാൽ അവയെ അടിസ്ഥാനമാക്കി കേരളസമൂഹത്തിൻെറ വിവിധ മേഖലകളിൽ കാതലായ മാറ്റങ്ങൾ വരുത്തിവെയ്ക്കാനാവും എന്നും ആ പ്രസ്ഥാനത്തിന് ബോധ്യമായിരുന്നു.

ഇത്തരം ഒരു സമഗ്രമാറ്റത്തിന് –വിപ്ലവത്തിനല്ല– അനിവാര്യമായിരുന്നത് കേരള സമൂഹജീവിതത്തേയും സമ്പദ്‌വ്യവസ്ഥയേയും കാര്യമായ രീതിയിൽ സ്വാധീനിച്ചിരുന്ന വിദ്യാഭ്യാസമേഖലയുടെ പരിഷ്കാ

രമായിരുന്നു. അതിൽതന്നെ അടിസ്ഥാനവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരവും അതുമായി ബന്ധപ്പെട്ട് അധ്യാപകരുടെ ജോലി- വേതന വ്യവസ്ഥകളുടെ സ്ഥിരപ്പെടുത്തലും ആണ് പ്രധാനമായി കണ്ടത്. അധ്യാപകരുടെ ജോലി- വേതന വ്യവസ്ഥകൾ സ്ഥിരപ്പെടുത്തിയാൽ അവർ ഒരു വിഭാഗമെന്ന നിലക്ക് മാനേജർമാരുടെ പിടിയിൽ നിന്നും വിമുക്തരായി, ജനപക്ഷത്തുനിന്നുള്ള സമരങ്ങളിൽ ചേരുവാൻ സജ്ജരാകും എന്ന പ്രതീക്ഷയും ഈ ബില്ല് അവതരിപ്പിച്ചവരിൽ ഉണ്ടായിരുന്നിരിക്കണം. തോമസ് ഹോഡ്ജ്കിനെ പോലെയുള്ള മാർക്സിസ്റ്റ് ചരിത്രകാരന്മാർ വിയറ്റ്നാമിലും സുഡാനിലും ഒക്കെ നടത്തിയ പഠനങ്ങൾ അധ്യാപകരുടെ വിപ്ലവശ്രമങ്ങളിലെ ഉയർന്നപങ്കിനെ വ്യക്തമാക്കുന്നതായിരുന്നു. ഇന്ത്യയിലും കേരളത്തിൻെറ തന്നെ ഭാഗമായ മലബാറിലും ഇതിനനുകൂലമായ അനുഭവങ്ങൾ ഉണ്ടായിരുന്നുതാനും. ഇതു തന്നെയായിരുന്നിരിക്കണം വിദ്യാഭ്യാസബില്ലിനും 1957ലെ ഗവൺമെന്റിൻെറ വിദ്യാഭ്യാസനയത്തിനും എതിരായി വിവിധ ശക്തികളെ അണിനിരത്തിയതും.

**അടിക്കുറിപ്പുകൾ**


1. Govt of Travancore, Report of the Travancore Education Reorganisation Committee, Trivandrum 1945.
2. P K Michael Tharakan, Socio- economic Factors in Educational Development, Case of Ninteenth Century Travancore. Economic and Political Weekly, Vol. XIX, No. 45 and 46, Nov. 10-17, 1984.
3. T V Sathyamurthy, India Social Independence Studies in the Development of the Power of the State, Vol I, Centre State Relation: The case of Kerala, Ajantha Publications, Delhi 1985.
4. പ്രത്യയശാസ്ത്ര രാഷ്ട്രീയ സ്വാധീനങ്ങളെക്കുറിച്ച് കേരളത്തിൻെറ പ്രത്യയശാസ്ത്രതലത്തിൽ നടത്തിയ ഒരു പഠനത്തിന് George Kristoffer Sielen, Education Ideology on Politics in Kerala 1957 - 59 Social Sceintist 62 Vol. 6 No. 2, Sept 1977.
5. T V Satyamurthy മുൻപ് ഉദ്ധരിച്ചത്.
6. P K Michael Tharakan മുൻപ് ഉദ്ധരിച്ചത്.
7. P K Michael Tharakan: History of Development Experience. Disdelegated and Deconstructed Analysis of Kerala, Unpublished Ph.D Thesis, M G University Kottayam, Kozhikode.
8. P K Michael Tharakan മുൻപ് ഉദ്ധരിച്ചത്.

9. Robin Jeffrey, Government and Culture, How Women made Kerala Literate, Pacific Affairs, Vol. 60, No.3, Feb 1987.

10. P R G Nair, Educational Reforms in India, Universalisation of primary Education in Kerala, UP No. 18, CDS Trivandrum

11. K Tharian George and P K Michael Tharakan, Penetration of Capital into a Traditional Economy. The case of Tea Plantations in Kerala, 1880- 1950,

Studies in History Vol II No 2, July - December 1986.

12. V R Pillai and PGK Panikkar, Land Reclamation in Kerala, Asia Pub House, Newyork 1965.

13. P K Michael Tharakan, Socio Religious Reform Movements, Process of Democratisation and Human Development, The Case of Kerala, South West India, in Lars Rudebeck (et.al)(eds), Democratisation in the Third World, Concrete cases in comparative and Theoritical Perspective, Macmillan, London 1988.

14. K N Raj and Michael Tharakan, Agrarian Reform in Kerala and its Impact in the Rural Economy, A Preliminary Assesment' in Ajithkumar Glose (ed), Agrerian Regorm in Contemporary Developing Countries, croom halm, Newyork, 1993.

15. P R G Nair, മുൻപ് ഉദ്ധരിച്ചത്.

16. T V Satyamurthy, മുൻപ് ഉദ്ധരിച്ചത്.